**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 328** **05-08-2021 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. വരുമാനം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ തലത്തിൽ ജി. എസ്. ടി. വരുമാനം വർദ്ധിക്കുമ്പോൾ കേരളത്തിൽ പ്രതീക്ഷിച്ച ജി. എസ്. ടി. വരുമാനം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | ദേശീയതലത്തിലുള്ള ജി.എസ്.ടി വരുമാന വർധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി പിരിവിൽ എഴുപത്തിരണ്ടായിരത്തി അറുന്നൂറ്റി എട്ട് കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നികുതി പിരിവ് സംവിധാനത്തിന്റെ പോരായ്മയായി സർക്കാർ കരുതുന്നുണ്ടോ; | (ബി) | ഇപ്രകാരമുള്ള നികുതി നഷ്ടം ശ്രദ്ധയിൽ പെട്ടിട്ടില്ല . പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ചു വർഷത്തെ നികുതി പിരിവിൽ (ജി.എസ്.ടി ഉൾപ്പെടെ) 2016-17, 2017-18 വർഷങ്ങളിൽ മാത്രമേ നികുതി പിരിവിൽ കുറവ് ഉണ്ടായിട്ടുള്ളൂ. (1672.48 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്). നിലവിലെ കോവിഡ് ലോക്ക് ഡൗൺ സാഹചര്യങ്ങളിൽ നികുതി പിരിവ് സംവിധാനത്തിൽ പോരായ്മകൾ ഉള്ളതായി കണക്കാക്കുന്നില്ല. എന്നിരുന്നാലും നിലവിലെ ജി.എസ്.ടി സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി, നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വകുപ്പിനെ ആധുനിക വത്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വ്യാപാരി വ്യവസായികളുടെ യഥാർത്ഥ ജി. എസ്. ടി. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഫീൽഡ് ഓഫീസുകൾ രൂപീകരിക്കണം എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് കേരള സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്. പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കിയതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. എന്നാൽ KGST, VAT എന്നീ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന നികുതി ഭരണ സംവിധാനമാണ് ഇപ്പോൾ ജി.എസ്.ടി കാലഘട്ടത്തിലും തുടർന്നുപോരുന്നത്. ഈ സംവിധാനത്തെ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് 2017-18 |

| | | | |
|---|---|---|---|
| | | | ലെ ബജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. (para 268). ആയതനുസരിച്ച വകുപ്പിന്റെ നികുതി ഭരണ സംവിധാനം സുഗമമാക്കുന്നതിനായി 13.08.2018 തീയതിയിലെ സ.ഉ (സാധാ) നം.593/2018/നികുതി പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, സംസ്ഥാന നികുതി കമ്മീഷണർ എന്നിവർ അംഗങ്ങളായും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറും ആയും ഒരു ഉന്നത തല സമിതി രൂപീകരിക്കുകയുണ്ടായി. നികുതി സംവർധനത്തിനും അതിന്റെ ഭരണ നിർവഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാന മാർഗം ശക്തിപ്പെടുത്തുന്നതിനായുള്ള ശുപാർശ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) | നികുതി വെട്ടിപ്പ് തടയാൻ വാങ്ങിയ ക്യാമറ സംവിധാനം ഉപയോഗിക്കുന്നില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ; | (ഡി) | നികുതി വെട്ടിപ്പ് തടയാൻ വാങ്ങിയ ക്യാമറ സംവിധാനം ഉപയോഗിക്കുന്നില്ല എന്ന ആക്ഷേപം വസ്തുതാപരമല്ല. എ.എൻ.പി ആർ ക്യാമറ സംവിധാനം വഴി ചരക്കു നീക്കം നിരീക്ഷിച്ച് ഇ-വേ ബിൽ സംവിധാനവുമായി ഏകോപിപ്പിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനായി പ്രവർത്തിക്കുന്നു. എ.എൻ.പി.ആർ ക്യാമറ സംവിധാനം ഒൻപതു ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളിൽ സ്ഥാപിച്ചു ഫലപ്രദമായി നിരീക്ഷിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂ മാഹി, കാസറഗോഡ് ജില്ലയിൽ ബംഗ്ര മഞ്ചേശ്വരം, പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. എ.എൻ.പി.ആർ ക്യാമറ സംവിധാനത്തിൽ നിന്നുള്ള അലെർട്ടുകൾ പരിശോധിച്ചതിൽ നിന്നും 22/07/2021 വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ക്യാമറയുടെ ദൃശ്യങ്ങളിൽ നിന്നുള്ള ഡാറ്റ ക്രോസ്സ് വെരിഫൈ ചെയ്യുന്നതിന് ഇ-വേ ബിൽ ഡാറ്റ ഇപ്പോൾ ലഭ്യമാണ്. |
| (ഇ) | പല തവണ മാപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടും | (ഇ) | ജി.എസ്.ടിക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി |

| | | | |
|---|---|---|---|
| | വാറ്റ്-ലെ കുടിശിക പിരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | | കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിനു കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കും എന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഏകദേശം 271 കോടി രൂപയും ഈ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം 30.07.2021 വരെ 94 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ